(സി) പ്രസ്തുത പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എത്ര രൂക വേണ്ടി വരും ; ആയത് ടൂറിസം വകുപ്പ് അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പണി പൂർത്തിയാക്കി ഈ പുതിയ പാർക്ക് ടൂറിസ്റ്റുകൾക്കായി എന്ന് തുറന്ന് കൊടുക്കാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3,73,62,136 രൂപയാണ് പാർക്കിന്റെ വികസനത്തിനും ലാന്റ് സ്കേപ്പിംഗിനുമായി ചെലവഴിച്ചത്. എന്നാൽ പദ്ധതി 95 ശതമാനത്തോളം പൂർത്തീകരിച്ച് കഴിയവെ നിർമ്മാണപ്രവർത്തന പ്രദേശം സി.ആർ.ഇസഡ്-ൽ ഉൾപ്പെട്ടതായതിനാൽ എല്ലാ നിർമ്മാണപ്രവർത്തനങ്ങളും നിർത്തിവയ്ക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത പാർക്ക് പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് തുറന്ന് കൊടുക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 300 ലക്ഷം രൂപ വേണ്ടിവരും. ഇതിന്റെ ഒന്നാം ഘട്ട നവീകരണം പൂർത്തിയാക്കുന്നതിന് ടൂറിസം വകുപ്പ് 138 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2015 ആഗസ്റ്റ് പകുതിയോടുകൂടി പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബേക്കൽ ബീച്ച് പാർക്കിലെ കെ.ടി.ഡി.സി.-ക്ക് കോട്ടേജുകൾ

217 (8278) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ കെ.ടി.ഡി.സി.-ക്ക് കോട്ടേജുകൾ നിർമ്മിക്കുന്നതിന് എത്ര ഏക്കർ സ്ഥലം നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി കെ.ടി.ഡി.സി. എത്ര കോട്ടേജുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4.05 ഏക്കർ സ്ഥലം പാട്ടക്കരാർ വ്യവസ്ഥയിൽ കെ.ടി.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 22-2-2011-ന് കെ.ടി.ഡി.സി.യും ബി.ആർ.ഡി.സി.യും തമ്മിൽ ലൈസൻസ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മുപ്പതു വർഷമാണ് പാട്ടക്കരാർ കാലാവധി.

(ബി) 20 കോട്ടേജുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കോട്ടേജുകളൊന്നും പൂർത്തിയായിട്ടില്ല.

ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ്

218 (8279) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പണി പൂർത്തിയാക്കി മൂന്നുവർഷം കഴിഞ്ഞിട്ടും ടൂറിസം എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്നില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത എയ്ഡ് പോസ്റ്റ് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ആഭ്യന്തര വകുപ്പ് ഒരു എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

റാണിപുരം ഇക്കോ-ടൂറിസം പദ്ധതി

219 (8280) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാസർഗോഡ് ജില്ലയിലെ റാണിപുരം ഇക്കോ-ടൂറിസം പദ്ധതി പ്രവർത്തനം ഇടങ്ങിയിട്ടുണ്ടോ ;